എൽ.ആർ(എ)6-38923/2014.

ലാൻഡ് റവന്യൂ കമ്മീഷണറുടെ കാര്യാലയം,
തിരുവനന്തപുരം, തീയതി: 19/04/2016.

# സർക്കുലർ

വിഷയം:- നോൺ ക്രീമിലെയർ സർട്ടിഫിക്കറ്റ് - പിന്നാക്ക വിഭാഗങ്ങൾക്കു (OBC) ഉദ്യോഗ സംവരണത്തിനും വിദ്യാഭ്യാസ ആവശ്യങ്ങൾക്കുമുള്ള നോൺ ക്രീമിലെയർ സർട്ടിഫിക്കറ്റ് അനുവദിക്കുന്നത് - മാർഗ്ഗ നിർദ്ദേശങ്ങൾ -വിശദീകരണം - സംബന്ധിച്ച്.

വായന:-
1) ഇൻഡ്യാ ഗവ:ന്റെ 8/9/93-ലെ OM നമ്പർ 36012/എൽ2/93/ എസ്റ്റാബ്ലിഷ്മെന്റ് (SCT) നമ്പർ മെമ്മോറാണ്ടം.
2) കേരള ഗവ: ന്റെ 7/2/1986 ലെ 1786/സി3 ഉ.പ.ഭ.വ. നമ്പർ കത്ത്.
3) കേരള ഗവ:ന്റെ 17/1/94 ലെ 5036/Adv.C3/94/പി & എ.ആർ.ഡി. നമ്പർ സർക്കുലർ.
4) ജി.ഒ(പി)നം.36/2000 SC-ST-DD തീയതി27/5/2000- ാം ഉത്തരവ്
5) 26/9/2009 ലെ ജി.ഒ(പി)81/2009/SC-ST-DD നമ്പർ ഉത്തരവ്
6) 31/1/2014 ലെ സ.ഉ(MS)05/2014/പി.സ.വി.വ. നം. ഉത്തരവ്.

പിന്നാക്ക വിഭാഗങ്ങൾക്ക് സാമുദായിക സംവരണം (OBC) ലഭിയ്ക്കുന്നതിനാവശ്യമായ Non Cremelayar Certificate അനുവദിയ്ക്കുന്നതുമായി ബന്ധപ്പെട്ട് നിരവധി ആക്ഷേപങ്ങൾ ഉണ്ടായിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ സൂചന ഉത്തരവുകളുടെ അടിസ്ഥാനത്തിൽ, സർട്ടിഫിക്കറ്റുകൾ നൽകുന്നതിനുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ താഴെ ചേർക്കുന്നു:

1) നോൺ ക്രീമിലെയർ സർട്ടിഫിക്കറ്റിനു അപേക്ഷിയ്ക്കുന്നവരുടെ മാതാപിതാക്കളുടെ സ്റ്റാറ്റസ് മാത്രം അടിസ്ഥാനമാക്കിയാണ് സർട്ടിഫിക്കറ്റിനുള്ള അർഹത നിശ്ചയിക്കുന്നത്. മാതാപിതാക്കൾ ഉദ്യോഗസ്ഥരാണെങ്കിൽ അവർ കേന്ദ്ര / സംസ്ഥാന സർക്കാർ സർവ്വീസിൽ നേരിട്ട് പ്രവേശിച്ച പദവിയാണ് പരിശോധിയ്ക്കേണ്ടത്. ഇപ്രകാരം ക്ലാസ് I, ക്ലാസ്സ് II, ഗ്രൂപ്പ് എ,ബി പദവികളിൽ നേരിട്ട് നിയമനം ലഭിച്ചവർ ക്രീമിലയർ വിഭാഗത്തിൽ ഉൾപ്പെടുന്നു.

2) ക്ലാസ്സ് II / ഗ്രൂപ്പ് ബി യിൽ നേരിട്ട് പ്രവേശിച്ച് 35- ാം വയസ്സിലോ അതിനു മുൻപോ ക്ലാസ്സ് I / ഗ്രൂപ്പ് എ യിലെയ്ക്ക് പ്രവേശിച്ചവരും ക്രീമിലെയർ പരിധിയിൽ പെടുന്നു. എന്നാൽ ക്ലാസ്സ് III / ഗ്രൂപ്പ് സി യിലോ ക്ലാസ്സ് IV / ഗ്രൂപ്പ് ഡി യിലോ ജോലിയിൽ പ്രവേശിച്ച് 35- ാം വയസ്സിലോ അതിനു മുൻപോ ക്ലാസ്സ് I / ഗ്രൂപ്പ് എ യിലേക്ക് പ്രവേശിച്ചവർ ക്രീമിലയർ പരിധിയിൽ ഉൾപ്പെടുന്നില്ല.

J830188

3) ക്ലാസ്സ് II/ ഗ്രൂപ്പ് ബി പദവികളിലാണെങ്കിൽ മാതാപിതാക്കൾ 2 പേരും അപ്രകാരം നിയമിയ്ക്കപ്പെട്ടവരായിരിയ്ക്കണം.

4) കാറ്റഗറി II ൽ പെട്ട് താഴെപറയുന്നവർ ക്രീമീലയർ പരിധിയിൽപ്പെടുന്നില്ല.

(a) മാതാപിതാക്കൾ 2 പേരും നേരിട്ട് ക്ലാസ്സ് I / ഗ്രൂപ്പ് എ വിഭാഗത്തിൽ വരുകയും ഇവരിൽ 2 പേരു മരണപ്പെടുകയോ / സർവ്വീസിൽ തുടരാൻ കഴിയാത്തവിധം സ്ഥിരമായ അംഗവൈകല്യം സംഭവിയ്ക്കുകയോ ചെയ്തവർ.

(b) OBC വിഭാഗത്തിൽ പെടുന്ന ഒരു സ്ത്രീ ക്ലാസ്സ് I ആഫീസറെ വിവാഹംകഴിച്ചു എന്നതുകൊണ്ട് ക്രീമിലെയർ വിഭാഗത്തിൽ പെടുന്നില്ല.

എന്നാൽ മേല്പറഞ്ഞ വിഭാഗത്തിൽപ്പെട്ട ജീവനക്കാരേ, ജീവനക്കാരിൽ ഒരാളോ പെൻഷൻ പറ്റിയ ശേഷം മരണപ്പെടുകയോ / സ്ഥിരമായ അംഗവൈകല്യം വരുകയോ ചെയ്താലും അവ രുടെ മക്കൾ സംവരണത്തിന്റെ ആനുകൂല്യത്തിന് അർഹരല്ലാത്തവരും ക്രീമീലയർ പരിധിയിൽ ഉൾപ്പെടുന്നതുമാണ്.

5) ക്രീമീലയർ പരിധിയിൽപ്പെടുന്നവർ സർവ്വീസിൽ നിന്നു വിരമിച്ചാലും, മരണമടഞ്ഞാലും, അവരുടെ മക്കൾക്ക് സംവരണത്തിന് അർഹതയില്ലാത്തതും ക്രിമിലയർ വിഭാഗത്തിൽ തന്നെ തുടരുന്നതുമാണ്.

6) കർഷകരെ സംബന്ധിച്ച് ടിയാളുടെ കൃഷിയിൽ നിന്നുള്ള വരുമാനം കണക്കാക്കേണ്ടതില്ല. കർഷകരെ സംബന്ധിച്ച് (പ്ലാന്റേഷൻ ആക്റ്റിൽ പറയുന്ന തോട്ടത്തിന്റെ നിർവ്വചനത്തിൽ വരുന്ന കാപ്പി, റബ്ബർ, തേയില തോട്ടങ്ങൾ ഒഴികെ) കൈവശ ഭൂമിയുടെ വിസ്തൃതിയാണ് മാനദണ്ഡം.

7) കർഷകരായാൽ അവർക്ക് സ്വന്തമായി 05 ഹെക്ടറോ അതിൽകൂടുതലോ കൃഷിഭൂമി ഉണ്ടെങ്കിൽ മാത്രമെ ക്രീമിലയർ പരിധിയിൽ ഉൾപ്പെടുകയുള്ളൂ. ഭൂപരിധി നിയമ പ്രകാരമുള്ള വിസ്തൃതിയാണ് മാനദണ്ഡം. ശമ്പളം, കൃഷിയിൽ നിന്നുള്ള വരുമാനം ഇവ തമ്മിൽകൂട്ടി 6ലക്ഷത്തിനു മുകളിൽ വരുമാനമുള്ളതായി കണ്ട് സർട്ടിഫിക്കറ്റ് നിഷേധിയ്ക്കുവാൻ പാടില്ല. അപേക്ഷകന്റെ മാതാപിതാക്കളുടെ ശമ്പളവരുമാനവും കാർഷിക വരുമാനവും വെവ്വേറെ 6 ലക്ഷത്തിൽ അധികമായിരുന്നാലും മറ്റുതരത്തിലുള്ള (ബിസ്സിനസ്സ്, വാടക) എന്നിവയിൽ നിന്നുള്ള വരുമാനം 6 ലക്ഷത്തിൽ താഴെയായിരുന്നാൽ സംവരണത്തിന്റെ ആനുകൂല്യം ലഭിയ്ക്കുന്നതും നോൺ ക്രീമീലയർ സർട്ടിഫിക്കറ്റ് നൽകാവുന്നതുമാണ്.

8) വാർഷിക വരുമാനം കണക്കാക്കേണ്ടത് അഭിഭാഷകർ, ചാർട്ടേഡ് അക്കൗണ്ടന്റ്മാർ, സിനിമാ താരങ്ങൾ, കായിക താരങ്ങൾ, സാഹിത്യകാരൻമാർ, ബിസ്സിനസ്സിലും, വ്യവസായങ്ങളിലും ഏർപ്പെട്ടിരിയ്ക്കുന്നവർ, നഗര പരിധിയ്ക്കകെത്ത് വസ്തുവും, കെട്ടിടവും വഴി വരുമാനമുള്ളവർ എന്നിവരുടേതാണ്. അത്തരത്തിലുള്ള വരുമാനം തുടർച്ചയായ 3 വർഷങ്ങളിൽ ഉണ്ടായിരിയ്ക്കണമെന്നും വ്യവസ്ഥയുണ്ട്.

9) സ്വന്തം സമുദായത്തിന്റെ കുലത്തൊഴിൽ ചെയ്തു ജീവിയ്ക്കുന്ന പിന്നാക്ക ജാതിയിൽപ്പെട്ട ഒരാൾ എത്ര വരുമാനം ഉള്ളയാളാണെങ്കിലും ക്രീമീലയർ വിഭാഗത്തിൽപ്പെടുന്നില്ല. പിന്നാക്കവിഭാഗത്തിൽപ്പെട്ടയാൾ നിരക്ഷരനാണെങ്കിൽ (4- ാം ക്ലാസ്സ് പാസ്സാകാത്തവർ) ടിയാളും ക്രീമീലയർ വിഭാഗത്തിൽപ്പെടുന്നില്ല.

10) സാമൂഹ്യമായും, വിദ്യാഭ്യാസപരമായും പിന്നാക്കം നിൽക്കുന്ന സമുദായങ്ങൾ എന്ന പേരിൽ തയ്യാറാക്കിയിട്ടുള്ള SEBC (Socially & Educationally Backward Communities) ലിസ്റ്റിൽപ്പെട്ട സമുദായങ്ങളിൽപ്പെട്ടവർക്കാണ് സംസ്ഥാനത്ത് വിദ്യാഭ്യാസ മേഖലയിൽ സംവരണവും ആനുകൂല്യവും നൽകി വരുന്നത്. വിദ്യാഭ്യാസ സംവരണം അനുവദിയ്ക്കുന്നത് വരുമാനത്തിന്റെ അടിസ്ഥാനത്തിലാണ്; ക്രീമീലയർ മാനദണ്ഡത്തിന്റെ അടിസ്ഥാനത്തിലല്ല. ഇതിനു വരുമാനം കണക്കാക്കുമ്പോൾ ശംബളം, കാർഷികവരുമാനം ഇവ അടക്കമുള്ള വരുമാനങ്ങൾ കണക്കാക്കാവുന്നതുമാണ്.

11) എന്നാൽ സംസ്ഥാനത്തെ Professional Degree Course-ലേക്കുള്ള പ്രവേശനത്തിന് പിന്നാക്ക സമുദായ സംവരണത്തിന് ക്രീമിലയർ മാനദണ്ഡങ്ങൾ അടിസ്ഥാനമാകുവാൻ തീരുമാനിച്ചുകൊണ്ട് 1/1/2015 ലെ G.O(P)01/2015/BCDI) നമ്പർ പ്രകാരം സർക്കാർ ഉത്തരവായിട്ടുണ്ട്. ടി ഉത്തരവു പ്രകാരം SEBC സമുദായങ്ങളിലെ. ക്രീമീലയർ വിഭാഗത്തിൽപ്പെടുന്നവർ സംസ്ഥാനത്തെ പ്രൊഫഷണൽ ഡിഗ്രി കോഴ്സുകൾക്കുള്ള സംവരണത്തിന് അർഹരല്ല.

12) കേന്ദ്ര വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ ഉദ്യോഗത്തിനും വിദ്യാഭ്യാസത്തിനും സംവരണം ലഭിക്കുന്നതിനുള്ള മാനദണ്ഡം ക്രീമീലയർ വ്യവസ്ഥയാണ്. സംസ്ഥാന ആവശ്യങ്ങൾക്ക് വില്ലേജാഫീസറും, സംസ്ഥാനേതര ആവശ്യങ്ങൾക്ക് തഹസിൽദാരും നൽകിവരുന്ന നോൺ ക്രീമീലയർ സർട്ടിഫിക്കറ്റിനുള്ള സാധുതാ കാലയളവ് ഒരു വർഷത്തേയ്ക്ക് ആയിരിക്കുമെന്ന് നിശ്ചയിച്ച് സർക്കാർ 25/7/2008 ൽ സ.ഉ.(കയ്യെഴുത്ത്) 81/2008/പ.ജ.പ.വ.വി.വ. നമ്പർ പ്രകാരംഉത്തരവു പുറപ്പെടുവിച്ചിട്ടുമുണ്ട്. എന്നാൽ ഏതെങ്കിലും കോഴ്സുകൾക്ക് ചേരുന്നവർക്ക് അനുവദിയ്ക്കുന്ന സർട്ടിഫിക്കറ്റിന് പ്രസ്തുത കോഴ്സ് തീരുന്നതു വരെ നിയമ സാധുതാ കാലയളവ് ഉള്ളതായും ടി ഉത്തരവിൽ വ്യക്തമാക്കിയിട്ടുണ്ട്.

(ഒപ്പ്)

ലാൻഡ് റവന്യൂ കമ്മീഷണർ

അംഗീകാരത്തോടെ.

സീനിയർ സൂപ്രണ്ട്.